# ബഹുമതിയോടെ പാസാകുന്നതിന് വേണ്ടി ഓരോ ഖജനാക്കളുടെയും അക്കൗണ്ട് പരിശോധിച്ച് സമ്പാദിക്കൂ

ഇന്ന് ബാപ്ദാദ ഓരോരോ ചെറിയവരും വലിയവരുമായ നാനാഭാഗത്തെയും ദേശവിദേശത്തെ കുട്ടികളുടെ ഭാഗ്യം കണ്ട് ഹർഷിതനാകുകയാണ്. ഇങ്ങനെയുള്ള ഭാഗ്യം മുഴുവൻ കൽപത്തിൽ ബ്രാഹ്മണാത്മാക്കല്ലാതെ മറ്റാർക്കും ഉണ്ടാകുകയില്ല. ദേവതമാരും ബ്രാഹ്മണജീവിതത്തെ ശ്രേഷ്ഠമായി കരുതുന്നു. ഓരോരുത്തരും തന്റെ ജീവിതത്തിന്റെ ആദ്യം മുതൽ നോക്കൂ എന്റെ ഭാഗ്യം ജന്മനാ എത്ര ശ്രേഷ്ഠമാണ്. ജീവിതത്തിൽ ജന്മനാ അച്ഛനമ്മമാരുടെ പാലനയുടെ ഭാഗ്യം ലഭിക്കുന്നു. അതിനു ശേഷം പഠിപ്പിന്റെ ഭാഗ്യം ലഭിക്കുന്നു. അതു കഴിഞ്ഞ് ഗുരുവിലൂടെ മതം അഥവാ വരദാനം ലഭിക്കുന്നു. താങ്കൾ കുട്ടികൾക്ക് പാലനയും, പഠിപ്പും, ശ്രീമതവും വരദാനവും നൽകുന്നയാൾ ആരാണ്? പരമാത്മാവിലൂടെ ഈ മൂന്നും പ്രാപ്തമാണ്. പാലന നോക്കൂ- പരമാത്മാ പാലന എത്ര കുറച്ച്, കോടിയിലും ചിലർക്കാണ് ലഭിക്കുന്നത്. പരമാത്മാ അധ്യാപകന്റെ പഠിപ്പ് താങ്കൾക്കല്ലാതെ മറ്റാർക്കും ലഭിക്കുന്നില്ല. സത്ഗുരുവിലൂടെ ശ്രീമതം, വരദാനം താങ്കൾക്കു തന്നെയാണ് പ്രാപ്തമാകുന്നത്. അപ്പോൾ തന്റെ ഭാഗ്യത്തെ നല്ല പോലെ അറിയുന്നുണ്ടോ? ഭാഗ്യത്തെ സ്മൃതിയിൽ വെച്ചുകൊണ്ട് ഊഞ്ഞാലാടിക്കൊണ്ടിരിക്കുന്നു, പാട്ടു പാടിക്കൊണ്ടിരിക്കുന്നു- ആഹാ എന്റെ ഭാഗ്യം!

അമൃതവേള മുതൽ എപ്പോൾ എണീൽക്കുന്നുവോ പരമാത്മാസ്നേഹത്തിൽ ലൗലീനമായി എണീൽക്കുന്നു. പരമാത്മാസ്നേഹം എണീൽപിക്കുന്നു. ദിനചര്യയുടെ തുടക്കം പരമാത്മസ്നേഹമാകുന്നു. സ്നേഹമില്ല എങ്കിൽ എണീക്കാൻ കഴിയുകയില്ല. സ്നേഹമാണ് താങ്കളുടെ സമയത്തിന്റെ ഘടികാരം. സ്നേഹത്തിന്റെ ഘടികാരം താങ്കളെ എണീപ്പിക്കുന്നു. മുഴുവൻ ദിവസവും പരമാത്മാവിനോടൊപ്പം ഓരോ കാര്യവും ചെയ്യിക്കുന്നു. എത്ര വലിയ ഭാഗ്യമാണ്- സ്വയം ബാബ തന്റെ പരംധാമം വിട്ട് താങ്കൾക്ക് പഠിപ്പു നൽകാനായി വരുന്നു. ഇങ്ങനെ എപ്പോഴെങ്കിലും കേട്ടിട്ടുണ്ടോ ഭഗവാൻ എന്നും തന്റെ ധാമം വിട്ട് പഠിപ്പിക്കുവാനായി വരുന്നു! ആത്മാക്കൾ അഥവാ എത്ര തന്നെ ദൂരത്തു നിന്ന് വരികയായാലും പരംധാമത്തെക്കാളും ദൂരെ മറ്റൊരു ദേശമില്ല. ഉണ്ടോ എതെങ്കിലും ദേശം? അമേരിക്ക, ആഫ്രിക്ക ദൂരെയാണോ? പരംധാമം ഉയർന്നതിലും ഉയർന്ന ദേശമാണ്. ഉയർന്നതിലും ഉയർന്ന ധാമത്തിൽ നിന്ന് ഉയർന്നതിലും ഉയർന്ന ഭഗവാൻ ഉയർന്നതിലും ഉയർന്ന കുട്ടികളെ പഠിപ്പിക്കുവാൻ വരുന്നു. ഇങ്ങനെയുള്ള തന്റെ ഭാഗ്യത്തെ അനുഭവം ചെയ്യുന്നുണ്ടോ? സത്ഗുരുവിന്റെ രൂപത്തിൽ ഓരോ കാര്യത്തിനും ശ്രീമതവും നൽകുന്നു, കൂട്ടും നൽകുന്നു. വെറും മതം നൽകുകയല്ല, കൂട്ടും നൽകുന്നു. താങ്കൾ എന്തു പാട്ടാണ് പാടുന്നത്? എന്റെ ഒപ്പമൊപ്പം എന്നോ അതോ ദൂരെയെന്നോ? കൂടെയല്ലേ? അഥവാ കേൾക്കുന്നുവെങ്കിൽ പരമാത്മാടീച്ചറിൽ നിന്ന്, കഴിക്കുന്നുവെങ്കിൽ കൂടി ബാപ്ദാദയ്ക്കൊപ്പം കഴിക്കുന്നു. ഒറ്റയ്ക്ക് കഴിക്കുന്നുവെങ്കിൽ താങ്കളുടെ തെറ്റാണ്. ബാബ പറയുന്നു, എന്റെ കൂടെ കഴിക്കൂ. താങ്കൾ കുട്ടികളുടെയും പ്രതിജ്ഞയാണ്- ഒപ്പമിരിക്കും, ഒപ്പം കഴിക്കും, ഒപ്പം കുടിക്കും, ഒപ്പമുറങ്ങും, ഒപ്പം പോകും... ഉറങ്ങേണ്ടതും ഒറ്റയ്ക്കല്ല. ഒറ്റയ്ക്ക് ഉറങ്ങുകയാണെങ്കിൽ ചീത്ത സ്വപ്നങ്ങൾ അഥവാ ചീത്ത വിചാരങ്ങൾ സ്വപ്നത്തിലും വരുന്നു. എന്നാൽ ബാബയ്ക്ക് ഇത്രയും സ്നേഹമാണ്- സദാ പറയുന്നു എന്നോടൊപ്പം ഉറങ്ങൂ, ഒറ്റയ്ക്ക് ഉറങ്ങല്ലേ. അപ്പോൾ എണീക്കുന്നെങ്കിലും ഒപ്പം, ഉറങ്ങുന്നെങ്കിലും ഒപ്പം, കഴിക്കുന്നെങ്കിലും ഒപ്പം, നടക്കുന്നുവെങ്കിലും ഒപ്പം. അഥവാ ഓഫീസിൽ പോകുകയാണെങ്കിലും, ബിസിനസ് ചെയ്യുകയാണെങ്കിലും ബിസിനസിൽ താങ്കൾ സൂക്ഷിപ്പുകാരനാണ്, ഉടമ ബാബയാണ്. ഓഫീസിൽ പോകുകയാണെങ്കിൽ താങ്കൾക്കറിയാം എന്റെ ഡയറക്ടർ, ബോസ് ബാപ്ദാദയാണ്. ഇവർ നിമിത്തമാത്രമാണ്, ബാബയുടെ നിർദേശത്തിലൂടെയാണ് ജോലി ചെയ്യുന്നത്. ചിലപ്പോൾ ഉദാസീനമാകുന്നുവെങ്കിൽ ബാബ കൂട്ടുകാരനായി കളിപ്പിക്കുന്നു, സുഹൃത്തുമാകുന്നു, ഇടയ്ക്ക് പ്രേമത്തോടെ കരയുമ്പോൾ, കണ്ണീരൊഴുകുമ്പോൾ ബാബ തുടച്ചുതരാനും വരുന്നു, താങ്കളുടെ കണ്ണീർ ഹൃദയത്തിന്റെ ചെപ്പിൽ മുത്തുപോലെ അടക്കം ചെയ്യുന്നു. അഥവാ ഇടയ്ക്ക് തട്ടലും മുട്ടലുമായി പിണങ്ങുകയാണെങ്കിലും , തെറ്റുകയും ചെയ്യുന്നു വളരെ മധുരമധുരമായി. എന്നാൽ ബാബ പിണങ്ങുന്നവരെയും ഇണക്കുവാൻ വരുന്നു, മക്കളേ സാരമില്ല, മുന്നോട്ടുപോകൂ. എന്തു നടന്നുവോ കഴിഞ്ഞുപോയി, മറക്കൂ, കഴിഞ്ഞതു കഴിഞ്ഞതായി കരുതൂ, ഇങ്ങനെ ഇണക്കുകയും ചെയ്യുന്നു. അപ്പോൾ ഓരോ ദിനചര്യയും ആർക്കൊപ്പമാണ്? ബാപ്ദാദയുടെ കൂടെ. ബാപ്ദാദയ്ക്ക് ഇടയ്ക്ക് കുട്ടികളുടെ കാര്യത്തിൽ ചിരിയും വരുന്നു. ബാബാ മറന്നുപോകുന്നു എന്ന് പറയുമ്പോൾ, ഒരു വശത്ത് പറയുന്നു കംബൈൻഡ് ആണ്, കംബൈൻഡ് ആയ ആളെ മറക്കുമോ? ഒപ്പമൊപ്പമാണെങ്കിൽ എന്താ ഒപ്പമുള്ളയാളെ മറക്കാൻ കഴിയുമോ? അപ്പോൾ ബാബ പറയുന്നു- സബാഷ്, കുട്ടികൾക്ക് ഇത്രയും ശക്തിയുണ്ട് കംബൈൻഡ് ആയ ആളെ പോലും വേറെയാക്കുന്നു.

ബാപ്ദാദ കുട്ടികളുടെ കളി കണ്ടുകൊണ്ട് ഇതാണ് പറയുന്നത്– കുട്ടികളെ, സ്വന്തം ഭാഗ്യത്തെ സദാ സ്മൃതിയിൽ വെക്കൂ. സംഭവിക്കുന്നതെന്താണ്? ചിന്തിക്കുന്നു, അതെ എന്റെ ഭാഗ്യം വളരെ ഉയർന്നതാണ്, എന്നാൽ ചിന്താസ്വരൂപമാകുന്നു, സ്മൃതിസ്വരൂപമാകുന്നില്ല. ചിന്തിക്കുന്നത് വളരെ നല്ലതാണ്– ഞാൻ ഇന്നതാണ്, ഞാൻ ഇന്നതാണ്, ഞാൻ ഇന്നതാണ്...കേൾപ്പിക്കുന്നതും വളരെ നല്ലതാണ്. എന്നാൽ എന്തു ചിന്തിക്കുന്നുവോ എന്തു പറയുന്നുവോ അതിന്റെ സ്വരൂപമാകൂ. സ്വരൂപമാകുന്നതിൽ കുറവ് വരുന്നു. ഓരോ കാര്യത്തിലും സ്വരൂപമാകൂ. എന്തു ചിന്തിക്കുന്നുവോ അതിന്റെ സ്വരൂപവും അനുഭവം ചെയ്യൂ. ഏറ്റവും വലുതിലും വലുതാണ് അനുഭവീമൂർത്താകുക. അനാദികാലത്ത് പരംധാമത്തിലാകുമ്പോൾ ചിന്താ സ്വരൂപമല്ല, സ്മൃതിസ്വരൂപമാണ്. ഞാൻ ആത്മാവാണ്, ഞാൻ ആത്മാവാണ്– ഇതും ചിന്തിക്കേണ്ടതല്ല, സ്വരൂപം തന്നെയാണ്. ആദികാലത്തും ഈ സമയത്തെ പുരുഷാർഥത്തിന്റെ പ്രാലബ്ധസ്വരൂപമാണ്. ചിന്തിക്കേണ്ടി വരുന്നില്ല, ഞാൻ ദേവതയാണ്, ഞാൻ ദേവതയാണ്..സ്വരൂപമാണ്. അനാദികാലത്ത്, ആദികാലത്ത് സ്വരൂപമാണ് എങ്കിൽ ഇപ്പോഴും അന്തിമത്തിൽ സ്വരൂപമാകൂ. സ്വരൂപമാകുന്നതിലൂടെ തന്റെ ഗുണങ്ങൾ, ശക്തികൾ സ്വതവേ എമർജാകുന്നു. ഏതെങ്കിലും ഉദ്യോഗസ്ഥർ തന്റെ സീറ്റിൽ സെറ്റായിരിക്കുമ്പോൾ ആ ഉദ്യോഗത്തിന്റെ ഗുണം, കർത്തവ്യം തനിയെ എമർജാകുന്നു. ഇതുപോലെ താങ്കൾ സദാ സ്വരൂപത്തിന്റെ സീറ്റിൽ സെറ്റായിരിക്കൂ എങ്കിൽ ഓരോ ഗുണം, ഓരോ ശക്തി, ഓരോ പ്രകാരത്തിലുള്ള ലഹരി സ്വതവെ എമർജാകുന്നു, പരിശ്രമിക്കേണ്ടി വരുന്നില്ല. ഇതിനെ പറയുന്നു ബ്രാഹ്മണത്വത്തിന്റെ സ്വാഭാവിക സ്വഭാവം, അതിലൂടെ മറ്റെല്ലാ അനേക ജന്മത്തെ സ്വഭാവങ്ങളും സമാപ്തമാകുന്നു. ബ്രാഹ്മണ ജീവിതത്തിന്റെ സ്വാഭാവിക സ്വഭാവം തന്നെയാണ് ഗുണസ്വരൂപം, സർവശക്തിസ്വരൂപം , മറ്റെന്ത് പഴയ സ്വഭാവമുണ്ടെങ്കിലും അത് ബ്രാഹ്മണജീവിതത്തിന്റെ സ്വഭാവങ്ങളല്ല. പറയുന്നത് ഇങ്ങനെയാണ്– എന്റെ സ്വഭാവം ഇങ്ങനെയാണ്, എന്നാൽ ആരാണ് പറയുന്നത് എന്റെ സ്വഭാവം? ബ്രാഹ്മണനോ ക്ഷത്രിയനോ? അതോ കഴിഞ്ഞ ജന്മത്തെ സ്മൃതിസ്വരൂപആത്മാവാണോ പറയുന്നത്? ബ്രാഹ്മണരുടെ സ്വഭാവം– എന്താണോ ബ്രഹ്മാബാബയുടെ സ്വഭാവം അതാണ് ബ്രാഹ്മണരുടെ സ്വഭാവം. അപ്പോൾ ചിന്തിക്കൂ– ഏതു സമയത്ത് പറയുന്നുവോ എന്റെ സ്വഭാവം ഇങ്ങനെയാണ്, എന്താ ബ്രാഹ്മണജീവിതത്തിൽ ഇങ്ങനെയുള്ള വാക്ക് എന്റെ സ്വഭാവം, എന്റെ നേച്ചർ... ഉണ്ടാകുമോ? അഥവാ ഇപ്പോൾ വരെയും അകറ്റിക്കൊണ്ടിരിക്കുകയാണ്, മുൻ സ്വഭാവം എമർജാകുകയുമാണ് എങ്കിൽ മനസിലാക്കണം ഈ സമയത്ത് ഞാൻ ബ്രാഹ്മണനല്ല, ക്ഷത്രിയനാണ്, യുദ്ധം ചെയ്തുകൊണ്ടിരിക്കുകയാണ്– ഇല്ലാതാക്കാൻ വേണ്ടി. അപ്പോൾ എന്താ ഇടയ്ക്ക് ബ്രാഹ്മണൻ , ഇടയ്ക്ക് ക്ഷത്രിയനാകുന്നുവോ? പറയിക്കുന്നത് എന്താണ്? ക്ഷത്രിയകുമാരൻ എന്നോ ബ്രഹ്മാകുമാരൻ എന്നോ? ആരാണ്? എന്താ ക്ഷത്രിയകുമാരനാണോ? ബ്രഹ്മാകുമാരൻ, ബ്രഹ്മാകുമാരിമാർ. മറ്റൊരു പേരേയില്ല. ആരെയെങ്കിലും ഇങ്ങനെ വിളിക്കുമോ അതേ ക്ഷത്രിയകുമാരാ വരൂ? ഇങ്ങനെ പറയാറുണ്ടോ അതോ സ്വയം പറയുന്നത് ഞാൻ ബ്രഹ്മാകുമാരനല്ല, ക്ഷത്രിയകുമാരനാണ് എന്നാണോ? അപ്പോൾ ബ്രാഹ്മണൻ അർഥം എന്താണോ ബ്രഹ്മാബാബയുടെ സ്വഭാവം അത് ബ്രാഹ്മണരുടെ സ്വഭാവം. ഈ വാക്ക് ഇനി ഒരിക്കലും പറയരുത്, അറിയാതെ പോലും പറയരുത്, ചിന്തിക്കരുത്, എന്തു ചെയ്യാൻ എന്റെ സ്വഭാവമാണ്! ഇത് ഒഴികഴിവാണ്. ഇത് പറയുന്നതും തന്നെ വിടുവിക്കുന്നതിനുള്ള ഒഴികഴിവാണ്. പുതിയ ജന്മമായി, പുതിയ ജന്മത്തിൽ പഴയ സ്വഭാവം എവിടെ നിന്നാണ് എമർജാകുന്നത്? അപ്പോൾ പൂർണമായി മരിച്ചിട്ടില്ല, അൽപം ജീവനുണ്ട്, അൽപം മരിച്ചിരിക്കുകയാണോ? ബ്രാഹ്മണജീവിതം എന്നാൽ ബ്രഹ്മാബാബയുടെ ഓരോ ചുവട് ബ്രാഹ്മണരുടെ ചുവടാണ്.

അപ്പോൾ ബാപ്ദാദ ഭാഗ്യത്തെയും കാണുന്നുണ്ട്. ഇത്രയും ശ്രേഷ്ഠ ഭാഗ്യം, ആ ഭാഗ്യത്തിനു മുന്നിൽ ഈ പറച്ചിൽ നല്ലതാകുകയില്ല. ഇത്തവണ മുക്തിവർഷം ആചരിക്കുകയല്ലേ– എന്തു ക്ലാസാണ് എടുക്കാറുള്ളത്? മുക്തിവർഷമാണ്. അപ്പോൾ മുക്തിവർഷമാണോ അതോ 99 ലേ വരികയുള്ളൂ? 98 മുക്തിവർഷമാണോ? ആരാണോ കരുതുന്നത് ഈ വർഷമാണ് മുക്തിവർഷം, അവർ കൈ കാണിക്കൂ. നോക്കൂ കൈ വീശുക വളരെ സഹജമാണ്. നടക്കുന്നതെന്താണ്, അന്തരീക്ഷത്തിൽ ഇരിക്കുകയല്ലേ, സന്തോഷത്തിൽ തുള്ളുന്നു, അതിനാൽ കൈ വീശിക്കാണിക്കുന്നു, എന്നാൽ ഹൃദയം കൊണ്ട് കൈ വീശൂ, പ്രതിജ്ഞ ചെയ്യൂ. – എന്തു സംഭവിച്ചാലും പ്രതിജ്ഞ വർഷത്തിന്റേത് പോകാതിരിക്കട്ടെ. ഇങ്ങനെയുള്ള പക്കാ പ്രതിജ്ഞയല്ലേ? നോക്കൂ സൂക്ഷിച്ച് കൈ ഉയർത്തൂ. ഈ ടി.വി യിൽ വന്നാലും വന്നില്ലെങ്കിലും , ബാപ്ദാദയുടെ അടുക്കലാണെങ്കിൽ താങ്കളുടെ ചിത്രം പുറപ്പെടുന്നു. അപ്പോൾ ഇങ്ങനെയിങ്ങനെയുള്ള ദുർബല സംസാരത്തിൽ നിന്നും മുക്തി. സംസാരം ഇങ്ങനെ മധുരമാവണം, ബാബയെപ്പോലെയാവണം, സദാ ഓരോ ആത്മാവിനെയും പ്രതി ശുഭഭാവനയുടെ സംസാരമാവണം. ഇതിനെയാണ് പറയുന്നത് യുക്തിയുക്ത സംസാരം.  സാധാരണ സംസാരവും നടക്കുമ്പോഴും കറങ്ങുമ്പോഴും ഉണ്ടാകരുത്. ആരെങ്കിലും പെട്ടെന്ന് വന്നാലും ഇങ്ങനെ അനുഭവം ചെയ്യട്ടെ, ഇത് വാക്കുകളോ മുത്തുകളോ. ശുഭഭാവനയുടെ വാക്കുകൾ രത്നസമാനമാണ്. എന്തെന്നാൽ ബാപ്ദാദ പലപ്പോഴും ഈ സൂചന നൽകിയിട്ടുണ്ട്– സമയാനുസരണം ഇപ്പോൾ അൽപ സമയമേയുള്ളൂ, സർവ ഖജനാക്കളും ശേഖരിക്കുന്നതിന്. അഥവാ ഈ സമ

യത്ത് – സമയത്തിന്റെ ഖജനാവ്, സങ്കൽപത്തിന്റെ ഖജനാവ്, സംസാരത്തിന്റെ ഖജനാവ്, ജ്ഞാനധന ത്തിന്റെ ഖജനാവ്, യോഗത്തിന്റെ ശക്തികളുടെ ഖജനാവ്, ദിവ്യജീവിതത്തിന്റെ സർവ ഗുണങ്ങളുടെയും ഖജനാക്കൾ ശേഖരിച്ചിട്ടില്ല എങ്കിൽ പിന്നീട് ഇങ്ങനെ ശേഖരിക്കുന്നതിനുള്ള സമയം ലഭിക്കുക സഹജമാ യിരിക്കില്ല. മുഴുവൻ ദിവസത്തിൽ തന്റെ ഈ ഓരോരോ ഖജനാക്കളുടെ അക്കൗണ്ട് പരിശോധിക്കൂ. സ്ഥൂലധനത്തിന്റെ അക്കൗണ്ട് പരിശോധിക്കാറില്ലേ അതുപോലെ, ഇത്രയും സമ്പാദിച്ചു.. ഇങ്ങനെ ഓരോ ഖജനാവിന്റെയും അക്കൗണ്ട് ശേഖരിക്കൂ. പരിശോധിക്കൂ. എല്ലാ ഖജനാവും വേണം. അഥവാ ബഹുതി യോടെ പാസാകാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഓരോ ഖജനാവിന്റെയും സമ്പാദ്യത്തിന്റെ കണക്ക് ഇത്രയും നിറഞ്ഞിരിക്കണം, 21 ജന്മം സമ്പാദിച്ച ശേഖരണത്തിൽ നിന്ന് പ്രാലബ്ധം ഭോഗിക്കാൻ കഴിയണം. ഇപ്പോൾ സമയത്തിന്റെ ടൂ ലേറ്റിന്റെ മണി അടിച്ചിട്ടില്ല, എന്നാൽ അടിക്കാൻ പോകുകയാണ്. ദിവസവും തിയ്യ തിയും അറിയിക്കുകയില്ല. പെട്ടെന്ന് പുറപ്പെടും– ടൂ ലേറ്റ്. പിന്നീട് എന്തു ചെയ്യും? ആ സമയത്ത് സമ്പാ ദിക്കുമോ? എത്രയും വേണമോ സമയം ലഭിക്കില്ല, അതിനാൽ ബാപ്ദാദ പല തവണയായി സൂചന നൽകുകയാണ്– സമ്പാദിക്കൂ– സമ്പാദിക്കൂ– സമ്പാദിക്കൂ. എന്തെന്നാൽ താങ്കളുടെ ടൈറ്റിൽ ഇപ്പോഴും മാസ്റ്റർ സർവശക്തിവാൻ എന്നാണ്, ശക്തിവാൻ എന്നല്ല, സർവശക്തിവാൻ. ഭാവിയിലും സർവഗുണസ മ്പന്നം ആണ്, വെറും ഗുണസമ്പന്നമല്ല. ഈ എല്ലാ ഖജനാക്കളും സമ്പാദിക്കുക, അതായത് ഗുണങ്ങളും ശക്തികളും ശേഖരിക്കപ്പെടുകയാണ്. ഓരോരോ ഖജനാവിനും ഗുണങ്ങളും ശക്തിയുമായി ബന്ധമുണ്ട്. സാധാരണ സംസാരമല്ലെങ്കിൽ മധുരഭാഷി എന്ന ഗുണമുണ്ട് –എന്ന പോലെ. ഇങ്ങനെ ഓരോ ഖജനാ വിനും ബന്ധമുണ്ട്.

ബാപ്ദാദയ്ക്ക് കുട്ടികളോട് സ്നേഹമാണ് അതിനാൽ പിന്നെയും വീണ്ടും വീണ്ടും സൂചന നൽകുക യാണ് എന്തെന്നാൽ ഇന്നത്തെ സഭയിൽ എല്ലാ വെറൈറ്റിയുമുണ്ട്. ചെറിയ കുട്ടികളുമുണ്ട്, ടീച്ചർമാരുമു ണ്ട്, എന്തെന്നാൽ ടീച്ചർമാർ ആണ് സമർപ്പണമായത്. കുമാരിമാരുമുണ്ട്, ഗൃഹസ്ഥികളുമുണ്ട്. എല്ലാ വെറൈ റ്റിയുമുണ്ട്. നല്ലത്. എല്ലാവർക്കും അവസരം നൽകി, ഇത് വളരെ നല്ലതാണ്. കുട്ടികളുടെ കുറേ കാലത്തെ ആവശ്യമായിരുന്നു. ആയിരുന്നില്ലേ കുട്ടികളേ? ഞങ്ങൾക്ക് മിലനത്തിന് അവസരം എപ്പോൾ ലഭിക്കും? അപ്പോൾ നല്ലതായി– എല്ലാ വൈവിധ്യമുള്ള പൂച്ചെണ്ട് ബാബയുടെ മുന്നിലുണ്ട്.

ശരി, ബാപ്ദാദയ്ക്ക് മുഴുവൻ വിശ്വത്തിലെയും ടീച്ചർമാരെ പ്രതി ഒരു ശുഭഭാവനയാണ്– ഈ വർഷം ആരുടെയും ഒരു പരാതിയും വരാൻ പാടില്ല. പരാതിയുടെ ഫയൽ അവസാനിക്കട്ടെ. ബാപ്ദാദയുടെ അടുക്കൽ ഇപ്പോഴും ധാരാളം ഫയലുണ്ട്. അപ്പോൾ ഈ വർഷം പരാതിയുടെ ഫയൽ സമാപ്തം. എല്ലാ വരും ഫൈൻ ആകൂ. ഫൈൻ എന്നതിലും റിഫൈൻ. ഇഷ്ടപ്പെട്ടോ? ആര് എങ്ങനെയായാലും അവരോ ടൊപ്പം പോകാനുള്ള വിധി പഠിക്കൂ. ആര് എന്തു ചെയ്താലും വീണ്ടും വീണ്ടും വിഘ്നരൂപമായി മുന്നിൽ വന്നാലും എന്നാലും ഈ വിഘ്നങ്ങളിൽ സമയം ചെലവാക്കുക –അവസാനം ഇതും ഏതുവരേക്ക്? ഇതിന്റെയും സമാപ്തിആഘോഷം വേണ്ടേ? അപ്പോൾ മറ്റുള്ളവരെ നോക്കാതിരിക്കുക. ഇവർ ഇങ്ങനെ ചെയ്യുന്നു, ഞാൻ എന്തു ചെയ്യും? അഥവാ ഇതു പർവതമാണെങ്കിൽ എനിക്ക് ഒഴിഞ്ഞുപോകണം, പർവതം മാറുകയില്ല. ഇവർ മാറിയാൽ ഞാൻ മാറാം– ഇതാണ് പർവതം മാറിയാൽ ഞാൻ മുന്നോട്ടുപോകാം. പർവതം മാറുകയുമില്ല, താങ്കൾ ലക്ഷ്യത്തിലെത്തിച്ചേരുകയുമില്ല. അതിനാൽ അഥവാ ആ ആത്മാവിനെ പ്രതി ശുഭഭാവനയുണ്ടായാൽ സൂചിപ്പിച്ചു, പിന്നെ മനസിൽ നിന്നും ബുദ്ധിയിൽ നിന്നും കാലി. സ്വയം അവനവനെ ആ വിഘ്നസ്വരൂപമാകുന്നതിനുള്ള ചിന്താവിചാരങ്ങളിലിടാതിരിക്കൂ. യഥാക്രമമാണെങ്കിൽ സ്ഥിതിയും യഥാക്രമമായിരിക്കും എന്നാൽ എനിക്ക് നമ്പർവൺ ആകണം. ഇങ്ങനെ വിഘ്നം അഥവാ വ്യർഥസങ്കൽപം നടത്തുന്ന ആത്മാക്കളെപ്പറ്റി സ്വയം പരിവർത്തനപ്പെട്ട് അവരെ പ്രതി ശുഭഭാവന വെച്ചു കൊണ്ട് പോകൂ. സമയം അൽപം എടുക്കുന്നു, പരിശ്രമം അൽപം ചെയ്യണം എന്നാൽ അവസാനം ആര് സ്വപരിവർത്തനം ചെയ്യുന്നുവോ, വിജയത്തിന്റെ മാല അവരുടെ കഴുത്തിൽ വീഴുന്നു. ശുഭഭാവനയാൽ അഥവാ അവരെ പരിവർത്തനപ്പെടുത്താൻ കഴിയുമെങ്കിൽ ചെയ്യൂ. ഇല്ലെങ്കിൽ സൂചന നൽകൂ. തന്റെ ഉത്തരവാദിത്തം തീർക്കൂ, സ്വപരിവർത്തനത്തിലൂടെ മുന്നേറി പറന്ന് പോകൂ. ഈ വിഘ്നരൂപവും സ്വർണ ത്തിന്റെ ആകർഷണച്ചരടാണ്. ഇതും പറക്കാൻ അനുവദിക്കുകയില്ല. ഇത് വളരെ സൂക്ഷ്മവും വളരെ സത്യതയുടെ തിരശ്ശീലയിലെ കറയുമാണ്. ഇതാണ് ചിന്തിക്കുന്നത് –ഇത് സത്യമായ കാര്യമല്ലേ. ഇത് സംഭവിക്കുന്നില്ലേ. ഇത് സംഭവിക്കാൻ പാടില്ലല്ലോ. എന്നാൽ ഏതുവരേക്കും കണ്ട്കൊണ്ട്, ഏതുവ രേക്കും നിന്നുകൊണ്ടിരിക്കും? ഇപ്പോൾ സ്വയത്തെ സൂക്ഷ്മചരടുകളിൽ നിന്നും മുക്തമാക്കൂ. മുക്തി വർഷമാചരിക്കൂ. അതിനാൽ കുട്ടികളുടെ എന്ത് ആശകളാണോ, ഉണർവാണോ, ഉത്സാഹമാണോ, ഇതി ന്റെയെല്ലാം പരിപാടി ആഘോഷിച്ച് ബാപ്ദാദ പൂർത്തിയാക്കുകയാണ്. എന്നാൽ ഈ വർഷത്തെ അന്തിമ പരിപാടി മുക്തിവർഷത്തിന്റെ പരിപാടിയാകണം. പരിപാടികളിൽ ദാദിമാർക്ക് ഉപഹാരവും നൽകുന്നു. അപ്പോൾ ബാപ്ദാദയ്ക്ക് ഈ മുക്തിവർഷത്തിന്റെ പരിപാടിയിൽ സ്വയത്തിന്റെ സമ്പൂർണതയുടെ സമ്മാനം നൽകൂ. ശരി

നാനാ ഭാഗത്തെയും പരമാത്മാപാലന, പഠിപ്പിന്റെയും ശ്രീമതത്തിന്റെയും ഭാഗ്യത്തിന്റെ അധികാരി വിശേഷആത്മാക്കൾക്ക്, സദാ ചിന്തിക്കുന്നതും സ്വരൂപമാകുന്നതും രണ്ടും സമാനമാക്കുന്ന ബാപ്സമാൻ ആത്മാക്കൾക്ക്, സദാ പരമാത്മാ വിൽപവറിലൂടെ സ്വയത്തിലും സേവനത്തിലും സഹജ സഫലത പ്രാപ്തമാക്കുന്ന നിമിത്ത സേവാധാരി കുട്ടികൾക്ക്, സദാ ബാബയെ കംബൈൻഡ് രൂപത്തിൽ അനുഭവം ചെയ്യുന്ന, സദാ കൂട്ട് നിറവേറ്റുന്ന കൂട്ടുകാരായ മക്കൾക്ക് ബാപ്ദാദയുടെ സ്നേഹസ്മരണ, നമസ്തേ.

**വരദാനം : സംബന്ധ സമ്പർക്കത്തിൽ സന്തുഷ്ടതയുടെ വിശേഷതയിലൂടെ മാലയിൽ കോർക്കപ്പെടുന്ന സന്തുഷ്ടമണിയായി ഭവിക്കട്ടെ.**

സംഗമയുഗം സന്തുഷ്ടതയുടെ യുഗമാണ്. ആര് സ്വയത്തിലും സന്തുഷ്ടമാണ്, സംബന്ധ സമ്പർക്കത്തിലും സദാ സന്തുഷ്ടമായിരിക്കുന്നു അഥവാ സന്തുഷ്ടമാക്കുന്നു, അവരാണ് മാലയിൽ കോർക്കപ്പെടുന്നത്. എന്തെന്നാൽ മാല സംബന്ധത്തിലൂടെ ഉണ്ടാകുന്നു. അഥവാ മുത്തിന് മുത്തിനോട് സമ്പർക്കമില്ലെങ്കിൽ മാലയാകില്ല. അതിനാൽ സന്തുഷ്ടമണിയായി സദാ സന്തുഷ്ടമായിരിക്കൂ, സർവരെയും സന്തുഷ്ടമാക്കൂ. കുടുംബത്തിന്റെ അർഥം തന്നെയാണ് സന്തുഷ്ടമായിരിക്കുക, സന്തുഷ്ടമാക്കുക. ഒരു തരത്തിലുമുള്ള തട്ടലും മുട്ടലുമുണ്ടാകരുത്.

**സ്ലോഗൻ: വിഘ്നങ്ങളുടെ ജോലിയാണ് വരിക, താങ്കളുടെ ജോലിയാണ് വിഘ്നവിനാശകനാകുക.**